# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5789

02.07.2019-ലെ മറുപടി

### കേരള വാട്ടർ അതോറിറ്റി പുനഃസംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി എ.ഡി.ബി.യിൽ നിന്നും വായ്പ എടുത്ത് തിരുവനന്തപുരം കൊച്ചി നഗരങ്ങളിലെ കുടിവെള്ള വിതരണ പൈപ്പുകളും പമ്പ് ഹൗസുകളും മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വ്യവസ്ഥകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | എ.ഡി.ബിയുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്. ഈ പദ്ധതിയിൽ പ്രധാനമായും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെ പറയും പ്രകാരമാണ്.<br>1. ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.<br>2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക<br>3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.<br>4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ളോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക<br>5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.<br>6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.<br>7. ഉപഭോക്തൃ വാട്ടർ മീറ്ററുകൾ മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകളും ബൾക്ക് കൺസ്യൂമേഴ്സിന് സ്മാർട്ട് മീറ്ററുകളും സ്ഥാപിക്കുക |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | 8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ്തയ്യാറാക്കുക<br>9. ഐ.റ്റി അധിഷ്ഠിത എം ഐ എസ് ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.<br>10. 24x7 പദ്ധതി 7 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്<br><br>ഈ പദ്ധതി സംബന്ധിച്ച വ്യവസ്ഥകളൊന്നും തീരുമാനിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതി വൻകിട സ്വകാര്യ കമ്പനികൾ നിർമ്മിച്ച് ഓപ്പറേറ്റ് ചെയ്യുന്ന വ്യവസ്ഥ (ബി.ഒ.ടി) പ്രകാരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമാണോ എന്നും വ്യക്തമാക്കാമോ; | (ബി) | മറ്റുള്ള ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതു പോലെ 24x7 ജലവിതരണ പദ്ധതിയും കോൺട്രാക്ടർ മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എ.ഡി.ബി സമർപ്പിച്ച ഡി.പി.ആർ- ൽ പദ്ധതിയുടെ രൂപ കൽപ്പന, നിർമ്മാണം, ഓപ്പറേഷൻ, മെയിന്റനൻസ് എന്നിവ കോൺട്രാക്ടറാണ് ചെയ്യുന്നത്. എന്നാൽ വാട്ടർ അതോറിറ്റി നേരിട്ട് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഒന്നും കോൺട്രാക്ടറെ ഏൽപ്പിക്കുന്നതല്ല. സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് എതിരായിട്ട് പദ്ധതിയിൽ ഒന്നും തന്നെ ചെയ്യുന്നില്ല. |
| (സി) | കേരള വാട്ടർ അതോറിറ്റി പുനഃസംഘടന സംബന്ധിച്ച് ഐ.ഐ.എം.ബി (IIMB) തയ്യാറാക്കിയ പ്രോസസ് റീഎഞ്ചിനീയറിംഗ്, ഫിനാൻഷ്യൽ സസ്റ്റൈനബിലിറ്റി റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗും നടപ്പിലാക്കണമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ ശുപാർശ ചെയ്തിരുന്നു.<br>മേൽ പറഞ്ഞ റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം നടപ്പിലാക്കുകയും ചെയ്തു.<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യ ക്ഷമവുമാക്കുന്നതിനായി പൗരാവ കാശരേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.<br>4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗ രേഖ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | തയ്യാറാക്കി.<br>5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവി ഷിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്ന തിനുള്ള നടപടികൾ എടുത്തു.<br>6. അറ്റകുറ്റ പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പി ക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br>7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>8. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേയ്മെൻറ് സംവിധാനവും കംപ്ലെയിൻറ് റിഡ്രസ്സൽ സിസ്റ്റവും -ടെണ്ടറിംഗും നടപ്പിലാക്കി. |
| (ഡി) | പ്രസ്തുത റിപ്പോർട്ട് നിലവിലുള്ളപ്പോൾ കേരള വാട്ടർ അതോറിറ്റി പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ സുശീൽ ഖന്നയെ നിയോഗിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | ഐ.ഐ.എം.ബി (IIMB) നടത്തിയ പഠനം കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണം സംബന്ധിച്ചായിരുന്നു.<br>1984 ൽ വാട്ടർ അതോറിറ്റി രൂപീകരിച്ചതിനു ശേഷം അനവധി പദ്ധതികൾ നടപ്പിലാക്കുകയും വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തെങ്കിലും ഇപ്പോഴും 25 വർഷം മുമ്പുള്ള സ്റ്റാഫ് പാറ്റേൺ മാത്രമേ നിലവിൽ ഉള്ളൂ. ഇത് നിലവിലുള്ള പദ്ധതികളേയും ഇപ്പോൾ നടപ്പിലാക്കി വരുന്ന കിഫ്ബി, അമൃത് തുടങ്ങിയ ബൃഹത്പദ്ധതി കളേയും പരിപാലിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. കേരള വാട്ടർ അതോറിറ്റി യുടെ സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പുതിയ തസ്തികകളുടെ എണ്ണം പരമാവധി കുറയ്ക്കേണ്ടി വരുന്നതിനാലും നിലവിലുള്ള തസ്തികകൾ പുനക്രമീകരിക്കേണ്ടത് ആവശ്യമായി വന്നത് കൊണ്ടുമാണ് അതോറിറ്റിയുടെ പുന:സംഘടനയെ കുറിച്ച് ആലോചിക്കേണ്ടി വന്നത്. കൂടാതെ പുതിയ കാലഘട്ടത്തിലെ നവീന ആശയങ്ങൾ ജലഅതോറിറ്റിയ്ക്ക് ലഭ്യമാക്കുന്നതിനും കൂടിവേണ്ടിയാണ് പുന:സംഘടനയെ കുറിച്ച് റിപ്പോർട്ട് നൽകാൻ സുശീൽ ഖന്നയെ നിയോഗിക്കാൻ തീരുമാനിച്ചത്. |

**സെക്ഷൻ ഓഫീസർ**